

***വി. പി. വീരാൻകുട്ടി,*** എം. കോം.
ചീഫ് സ്റ്റുഡൻറ് എഡിറ്റർ

**ഒരാമുഖക്കുറിപ്പ്**

ഫാറൂഖിൻെറ സർഗ്ഗ പ്രതിഭകളുടെ
കനലൊളികളുമായി ഇത് കടന്നുവരുന്നു.
സൂര്യബിംബം തന്നെ ആറിത്തണുത്തുപോയാൽ
'അക്കരിയുതിപ്പിടിപ്പിച്ച് മറ്റൊരു
തീക്കട്ടയുണ്ടാക്കു'ന്ന സർഗ്ഗാത്മകതയുടെ
സ്മരണങ്ങൾ .... അവയെ ഇതിലാവാഹി
ക്കാൻ ഒരു ശ്രമം നടത്തിയിട്ടുണ്ട്.

ഉത്തരവാദിത്വത്തോട് ആത്മാർത്ഥമായും
നീതിപുലർത്തിയെന്നു് ചാരിതാർത്ഥ്യ
ത്തോടെ പറയട്ടെ. ക്യാമ്പസ്സിൻെറ
ഹൃദയസ്പന്ദനങ്ങൾ തുടികൊള്ളുന്ന
ഈടുറ്റൊരുപഹാര ഗ്രന്ഥമായി ഇതൊരു
ക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

പരിമിതികൾ വളരെയേറെയായിരുന്നു.
പലപ്പോഴും അവ വരിഞ്ഞു മുറുക്കി.
വിമർശന ഭീതികൊണ്ടുള്ള ഒരേററു പറച്ചിലല്ല.
യാഥാർത്ഥ്യത്തിൻെറ ഒരനാച്ഛാദനം മാത്രം.
ഇനി കടന്നു വരാനിരിക്കുന്നവർക്കുകൂടി
സഹായകമായ രചനാത്മക നിർദ്ദേശങ്ങൾ
സ്വാഗതം ചെയ്യപ്പെടുമെന്നു് തീർച്ച.

പ്രസിദ്ധീകരണത്തിൻെറ
കാലവിളംബം ഒഴിവാക്കാൻ ഒട്ടേറെ
പേർ സഹായിച്ചിട്ടുണ്ട്. കെട്ടും മട്ടും
നന്നാക്കാൻ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്.
എല്ലാവർക്കും നന്ദി പറയുന്നു.

സ്നേഹപൂർവ്വം